**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.1438**

**02/03/2017 ൽ**
**മറുപടിയ്ക്ക്**

## കശുമാവ് കൃഷി വികസനം

**ചോദ്യം**
**ശ്രീ.എ.പി.അനിൽ കുമാർ**
**ശ്രീ.അനൂപ് ജേക്കബ്**
**ശ്രീ.അനിൽ അക്കര**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുമാവ് കൃഷി വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം ഏതൊക്കെ സ്ഥലങ്ങളിലാണ് കശുമാവ് കൃഷി ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | കൃഷി ആരംഭിച്ചിട്ടില്ല. |
| (സി) | എത്ര ഹെക്ടർ സ്ഥലത്ത് ഇപ്രകാരം കൃഷി ആരംഭിച്ചു എന്നറിയിക്കാമോ ?; | (സി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ